# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ജൂലൈ 26**

**JULY 26**

**2018**

***1193 കർക്കിടകം 10 വ്യാഴം***

# പത്രക്കുറിപ്പ്

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**ജാഗ്രത പാലിക്കണം**

മൂഴിയാർ ഡാമിലെ ജലനിരപ്പിന്റെ വ്യതിയാനത്തിന് അനുസൃതമായി കക്കട്ടാറിലേക്ക് ജലം ഒരാഴ്ചത്തേക്ക് കൂടി ഒഴുക്കി വിടുന്ന സാഹചര്യത്തിൽ കക്കട്ടാറിന്റെ തീരത്ത് താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് കെഎസ്ഇബി അധികൃതർ അറിയിച്ചു.

ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ ഡാമുകളിലൊന്നായ പമ്പ ഡാമിലെ ജലനിരപ്പ് ഉയർന്നതിനാൽ ഡാമിന്റെ ഷട്ടറുകൾ ഏതുസമയവും തുറക്കാൻ സാധ്യതയുള്ളതിനാൽ പമ്പാനദിയുടെ തീരങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് കെഎസ്ഇബി അധികൃതർ അറിയിച്ചു.

(പിഎൻപി 2088/18)

**ജില്ലാ വികസന സമിതിയോഗം നാളെ (28)**

ജില്ലാ വികസന സമിതിയോഗം നാളെ (28) രാവിലെ 11ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. അന്നേ ദിവസം രാവിലെ 10.30ന് കൂടുന്ന പ്രീഡിഡിസി യോഗത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

(പിഎൻപി 2089/18)

**ഗൃഹചൈതന്യം പദ്ധതി : പരിശീലനം നടത്തി**

സംസ്ഥാന ആയുഷ് വകുപ്പും ഔഷധസസ്യബോർഡും തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് നടപ്പാക്കുന്ന ഗൃഹചൈതന്യം പദ്ധതിയുടെ ഭാഗമായുള്ള ശിൽപശാല കളക്ടറേറ്റ്

കോൺഫറൻസ് ഹാളിൽ നടന്നു. ഔഷധസസ്യ സമ്പത്ത് പരിപോഷിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന ഔഷധസസ്യ ബോർഡ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് ഗ്രാമപഞ്ചായത്തുകളെ ഔഷധസസ്യ ഗ്രാമങ്ങളാക്കുവാൻ വേണ്ടി നടപ്പാക്കുന്ന പദ്ധതിയാണ് ഗൃഹചൈതന്യം(വീട്ടിൽ ഒരു വേപ്പും കറിവേപ്പും). ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി പരിശീലനം ഉദ്ഘാടനം ചെയ്തു. ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിലൂടെ പ്രകൃതിസംരക്ഷണം ലക്ഷ്യമിടുന്ന പദ്ധതിയുടെ വിജയത്തിനായി തദ്ദേശഭര ണ സ്ഥാപനങ്ങൾ ശ്രദ്ധ ചെലുത്തണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. സുസ്ഥിര വികസനത്തിന്റെ സാധ്യതകളെ മുഖവിലയ്ക്കെടുത്തുകൊണ്ട് ഭാവി തലമുറയുടെ ആവശ്യങ്ങളെ നിറവേറ്റാനുള്ള വികസനകാഴ്ചപ്പാടാണ് സർക്കാർ മുന്നോട്ട് വയ്ക്കുന്നത്. ആരോഗ്യപൂർണമായ പരിസ്ഥിതി- ആരോഗ്യമുള്ള ജനത എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കേരളപ്പിറവി ദിനത്തോട് അനുബന്ധിച്ച് ഗ്രാമപഞ്ചായത്തുകളെ ഔഷധസസ്യ ഗ്രാമങ്ങളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സന്നദ്ധപ്രവർത്തകൻ വൈസ് ചെയർമാനായും സെക്രട്ടറി കൺവീനറായും അസിസ്റ്റന്റ് സെക്രട്ടറി ജോയിന്റ് കൺവീനറായും, കൃഷി ഓഫീസർ ചീഫ് കോർഡിനേറ്ററായും പഞ്ചായത്ത് തല കമ്മറ്റി രൂപീകരിക്കും. ആദ്യഘട്ടത്തിൽ ജില്ലയിലെ മല്ലപ്പള്ളി, പുളിക്കീഴ്, കോയിപ്രം, ഇലന്തൂർ എന്നീ നാല് ബ്ലോക്കുകളിൽ നിന്ന് ഇരുപത്തിയഞ്ച് ഗ്രാമപഞ്ചായത്തുകളെയാണ് പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുത്തിരിക്കുന്നത്.

ശിൽപശാലയിൽ ഔഷധസസ്യ പരിപാലനത്തെക്കുറിച്ച് ഔഷധസസ്യ ബോർഡ് സി.ഇ.ഒ ഡോ.രാധാകൃഷ്ണൻ ക്ലാസ് നയിച്ചു. സംസ്ഥാന ഔഷധസസ്യബോർഡ് എക്സിക്യൂട്ടീവ് മെംബർ ഡോ.സഞ്ജീവ് കുമാർ അധ്യക്ഷത വഹിച്ചു. ദേശീയ തൊഴിലുറപ്പ് പദ്ധതി ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ എൻ.ഹരി, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ ബീനകുമാരി, ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ, കൃഷി ഓഫീസർമാർ, ബി.പി.ഒമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, ഓവർസിയർമാർ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 2090/18)

## ഹരിതകർമ്മസേനക്ക് കടമ്പനാട് തുടക്കം

ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും പ്ലാസ്റ്റിക് മാലിന്യവും വലിച്ചെറിഞ്ഞ് പ്രകൃതിയെ നശിപ്പിക്കേണ്ട കാര്യമില്ല. വീടുകളിലേയും കടകളിലേയും പ്ലാസ്റ്റിക്കുകൾ സൂക്ഷിച്ച് വയ്ക്കുക. ഇങ്ങനെ കുന്നുകൂടുന്ന പ്ലാസ്റ്റിക് മാലിന്യം ഹരിതകർമ്മസേനയിലെ അംഗങ്ങൾ വീടുകളിലെത്തി ശേഖരിച്ചുകൊള്ളും. കടമ്പനാട് പഞ്ചായത്തിലാണ് ഹരിതകർമ്മസേനയ്ക്ക് പരിശീലനം നൽകിക്കൊണ്ട് പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതി തുടക്കം കുറിച്ചിരിക്കുന്നത്. അജൈവ മാലിന്യമായ പ്ലാസ്റ്റിക്കിന് പുനരുപയോഗത്തിന് സാധ്യതയുണ്ടെങ്കിലും ഉറവിടങ്ങളിൽ നിന്ന് ശേഖരിച്ച് സംസ്കരണ കേന്ദ്രങ്ങളിൽ എത്തിക്കാനുള്ള പദ്ധതി നടപ്പാക്കാത്തതിനാൽ മിക്കയിടങ്ങളിലും പ്ലാസ്റ്റിക്കിന്റെ കൂമ്പാരങ്ങൾ തീർക്കുകയാണ് പതിവ്. ഈ സാഹചര്യത്തിലാണ് കടമ്പനാട് പഞ്ചായത്ത് ജില്ലാ കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ പുതിയ പദ്ധതി പരീക്ഷിക്കുന്നത്. പ്ലാസ്റ്റിക് മാലിന്യം അത് ഉണ്ടാകുന്ന ഉറവിടങ്ങളിൽ തന്നെ തരം തിരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിന് കൂടി ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. പഞ്ചായത്തിലെ 17 വാർഡുകളിൽ നിന്നും ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശേഖരിക്കാനാണ് തീരുമാനം. ഇതിനായി തിരഞ്ഞെടുത്ത ഹരിതകർമ്മ സേനയിലെ അംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. ശേഖരിക്കുന്ന പ്ലാസ്റ്റിക് ശുചിത്വ മിഷനുമായി ബന്ധപ്പെട്ട ഏജൻസിക്കാണ് കൈമാറുന്നത്. പദ്ധതിയുടെ തുടക്കമായതിനാൽ ഹരിതകർമ്മ സേനാംഗം എത്തുന്നത് വരെ പ്ലാസ്റ്റിക് മാലിന്യം ഉറവിടങ്ങളിൽ സൂക്ഷിക്കണം. രണ്ടാം ഘട്ടത്തിൽ പ്ലാസ്റ്റിക് മാലിന്യം ഉറവിടത്തിൽ തന്നെ തരംതിരിച്ച് സൂക്ഷിക്കാൻ പരിസ്ഥിതി സൗഹൃദ സംഭരണികൾ നൽകാനും

പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. ഒരു വീട്ടിൽ നിന്ന് യൂസർ ഫീസായി 20 രൂപയാണ് ഈടാക്കുന്നത്. വ്യാപാര സ്ഥാപനങ്ങൾക്ക് പ്രത്യേക യൂസർ ഫീസ് ചുമത്തും. പ്ലാസ്റ്റിക് നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് വാർഡുകളിൽ പ്രത്യേക ഗ്രാമസഭ വിളിച്ച് ചേർക്കാനും തീരുമാനിച്ചു. പദ്ധതിയുമായി ബന്ധപ്പെട്ട് ഹരിത സേനാംഗങ്ങൾക്കുള്ള പരിശീലനം പഞ്ചായത്ത് പ്രസിഡന്റ് എ.ആർ അജീഷ് കുമാർ ഉദ്ഘാടനം ചെയ്തു.

(പിഎൻപി 2091/18)

## കൈരളി ഓണം ക്രാഫ്റ്റ് ഫെയർ 2018 ന് തുടക്കം

നവധാന്യ ഗണപതി വിഗ്രഹം മുതൽ കൈത്തറി, കരകൗശല ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യങ്ങളുമായി സംസ്ഥാന കരകൗശല വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കൈരളി ഓണം ക്രാഫ്റ്റ് ഫെയർ 2018 ന് പത്തനംതിട്ട റോയൽ ഓഡിറ്റോറിയത്തിൽ തുടക്കമായി. പത്ത് ദിവസം നീണ്ടുനിൽക്കുന്ന മേളയുടെ ഉദ്ഘാടനം പത്തനംതിട്ട നഗരസഭ അദ്ധ്യക്ഷ രജനി പ്രദീപ് നിർവഹിച്ചു. നഗരസഭ വൈസ്ചെയർമാൻ പി.കെ ജേക്കബ് ആദ്യ വിൽപ്പന നടത്തി. കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, ജമ്മുകാശ്മീർ തുടങ്ങി 12 സംസ്ഥാനങ്ങളിൽ നിന്നുള്ള അംഗീകൃത കൈത്തറി, കരകൗശല ഉത്പാദകരുടെ അമ്പതോളം സ്റ്റാളുകളാണ് കൈരളി ഓണം ക്രാഫ്റ്റ് ഫെയറിൽ പങ്കെടുക്കുന്നത്. ഓണത്തിന് മുന്നോടിയായി നടക്കുന്ന പ്രദർശന വിപണന മേളയിൽ പൂർണമായും കൈകൊണ്ട് നെയ്തുണ്ടാക്കുന്ന കൈത്തറി സാരികൾ, കാത്താവർക്ക്, ജൂട്ട് സിൽക്ക്, ബംഗാൾ കോട്ടൺ സാരികൾ, രാജസ്ഥാൻ കോട്ടൺ വെജിറ്റബിൾ ഡൈ നാച്വറൽ ഓർഗാനിക് പ്രിന്റ് സാരികൾ, ആന്ധ്ര ബ്ലോക്ക് പ്രിന്റ് കലങ്കാരി വർക്ക് സാരികൾ, ബിഹാർ ഭാഗൽപ്പൂരി സിൽക്ക് സാരികൾ, ചുരിദാർ മെറ്റീരിയലുകൾ, മീററ്റ് ഖാദി റെഡിമെയ്ഡ് ഷർട്ടുകൾ,കോട്ടൺ സമ്മർ കൂൾ വസ്ത്രങ്ങൾ, കുർത്തകൾ, ഷാളുകൾ, തുടങ്ങിയവയും രാജസ്ഥാൻ പാനിപ്പട്ട് ബെഡ്ഷീറ്റുകൾ, തിരുപ്പൂർ ബനിയൻ വസ്ത്രങ്ങൾ, ഡെൽഹിയിൽ നിന്നുള്ള സോഫാബാക്ക് സെറ്റുകൾ, പാറശാലയിൽ നിന്നുള്ള ഹാൻഡ് എംബ്രോയിഡറി കോട്ടൺ സോഫാ കവറുകൾ, ടേബിൾ ക്ലോത്തുകൾ എന്നിവയും വിൽപ്പനയ്ക്കുണ്ട്. 380 രൂപ മുതൽ സാരികൾ ലഭ്യമാണ്. 300 രൂപ മുതലാണ് കോട്ടൺ ഷർട്ടുകളുടെ വില. ആറന്മുള കണ്ണാടി, കർണാടക ലതർ ബാഗുകൾ, ഹൈദരാബാദ് പേൾ, ജയ്പൂർ പ്രഷ്യസ് സെമിപ്രഷ്യസ് സ്റ്റോൺ ആഭരണങ്ങൾ, സ്ഫടികം, രുദ്രാക്ഷമാലകൾ, ചന്നപ്പട്ടണ വുഡൺ കളിപ്പാട്ടങ്ങൾ, തമിഴ്നാട്ടിൽ നിന്നുള്ള പനയോല, വാഴനാര് എന്നിവയിൽ ചെയ്തെടുത്ത ഉൽപ്പന്നങ്ങൾ, ചന്ദന, ആയുർവേദിക് കൊതുകുതിരികൾ എന്നിവയും മേളയിലുണ്ട്. കരകൗശല കോർപ്പറേഷന്റെ ഷോറൂമിൽ നിന്നും കൊണ്ടുവന്നിട്ടുള്ള കേരളത്തിലെ മാസ്റ്റർ ക്രാഫ്റ്റ്സ്മാൻമാരുടെ ഈട്ടി, തേക്ക്, സിഫാർ തടികളിൽ തീർത്ത ശിൽപ്പങ്ങൾ,ഗൃഹാലങ്കാര വസ്തുക്കൾ, വീൽ ക്ലോക്കുകൾ, ഗിഫ്റ്റ് സാധനങ്ങൾ എന്നിവയും മേളയിലുണ്ട്. ഹാൻഡിക്രാഫ്റ്റ് കോർപ്പറേഷൻ മാർക്കറ്റിംഗ് മാനേജർ എം മോഹൻദാസ്, കൈരളി മാനേജർ റ്റോമി സെബാസ്റ്റ്യൻ, അസിസ്റ്റന്റ് മാനേജർമാരായ അനിരാജ്, എസ്.സുധീർ തുടങ്ങിയവരാണ് മേളയ്ക്ക് നേതൃത്വം നൽകുന്നത്. മേള ഓഗസ്റ്റ് നാലിന് സമാപിക്കും.

(പിഎൻപി 2092/18)

## കെ.ഇ മാമൻ ഓർമവൃക്ഷം കളക്ട്രേറ്റ് വളപ്പിൽ നട്ടു

കൊട്ടാരക്കര ആശ്രയയുടേയും അനാഥരില്ലാത്ത ഭാരതം സംസ്ഥാനകമ്മിറ്റിയുടേയും സംയുക്ത ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യ സമര സേനാനി കെ.ഇ മാമൻ ഓർമവൃക്ഷം വൃക്ഷത്തൈനടീൽ കളക്ട്രേറ്റ് വളപ്പിൽ നടത്തി. എഡിഎം പി.ടി എബ്രഹാം ഓർമവൃക്ഷ തൈ നട്ടു. തേൻവരിക്ക പ്ലാവിൻത്തൈയാണ് സംസ്ഥാനത്തെ സർക്കാരോഫീസുകളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും പരിസരങ്ങളിൽ പദ്ധതിയുടെ ഭാഗമായി നട്ടുപിടിപ്പിക്കുന്നത്. ഒരു വർഷം കൊണ്ട് ഒരു ലക്ഷം ഫലവൃക്ഷത്തൈകൾ വെച്ചുപിടിപ്പിക്കുകയാണ് ലക്ഷ്യം. ആശ്രയ

ജില്ലാ പ്രസിഡന്റ് വിദ്യാസാഗർ, പ്രമാടം ഗ്രാമപഞ്ചായത്ത് മെമ്പർ കെ.കെ നെഹ്റു, ജില്ലാ പൗരസമിതി പ്രസിഡന്റ് പി.രാമചന്ദ്രൻ നായർ, തെങ്ങുംകാവ് ആശ്രയഭവൻ സൂപ്രണ്ട് സാറാ പുന്നൂസ്, പ്രമാടം ആശ്രയ പ്രസിഡണ്ട് ഭാസുര, സെക്രട്ടറി സുമാ ഗോപിനാഥൻ, ആശ്രയ സ്റ്റാഫ് തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 2093/18)

## ഓണം: എക്സൈസ് വകുപ്പ് പരിശോധന കർശനമാക്കും

ഓണത്തോട് അനുബന്ധിച്ച് ലഹരി വ്യാപനം തടയുന്നതിന് പരിശോധന കർശനമാക്കാൻ എഡിഎം പി.റ്റി.എബ്രഹാമിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന വ്യാജമദ്യനിയന്ത്രണ സമിതി യോഗത്തിൽ തീരുമാനമായി. ആഗസ്റ്റ് ഒന്ന് മുതൽ 31 വരെ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്പെഷ്യൽ ഡ്രൈവ് നടത്തും. സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് കൂടുതൽ കർശന പരിശോധനകൾ നടത്താൻ യോഗം എക്സൈസ് ഡെപ്യൂട്ടി കമ്മീഷണറെ ചുമതലപ്പെടുത്തി. വിദ്യാലയങ്ങളുടെ പരിസരങ്ങളിൽ ലഹരിവ്യാപനം കൂടുന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് പരിശോധന കർശനമാക്കാൻ നിർദേശിച്ചത്. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന തലത്തിൽ തന്നെ ഏകോപിപ്പിക്കുവാനും തീരുമാനമായി.

ജില്ലയിലെ ഏഴ് എക്സൈസ് റേഞ്ചുകളിൽ കഴിഞ്ഞ ഒരു മാസക്കാലം 747 റെയ്ഡുകളാണ് നടത്തിയത്. ഒരു മാസത്തിനുള്ളിൽ ജില്ലയിലെ ഏഴ് റേഞ്ചുകളിലായി 127 വിമുക്തി ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ നടത്തി. അടുത്ത ഒരു മാസക്കാലം ജില്ലയിൽ നടത്തേണ്ട ലഹരിവിരുദ്ധ കർമ്മപരിപാടികളും യോഗം ആവിഷ്ക്കരിച്ചു. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലയിലുടനീളം ഈ മാസം 30,31, ആഗസ്റ്റ് ഒന്ന് തീയതികളിൽ പാവനാടകം അവതരിപ്പിക്കും.

ഡെപ്യൂട്ടി എക്സൈസ് കമ്മീഷിണർ കെ.ചന്ദ്രപാൽ, അസിസ്റ്റന്റ് എക്സൈസ് കമ്മിഷണർ ജി.ചന്തു, നാർക്കോട്ടിക് സെൽ ഡിവൈഎസ്പി കെ.എ വിദ്യാധരൻ, ഡെപ്യൂട്ടി ഡി.എം.ഒ ഡോ.സി.എസ് നന്ദിനി, കോന്നി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ മുഹമ്മദ് കുഞ്ഞ്, കുടുംബശ്രീ ഡി.പി.എം പി.ആർ അനുപ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 2094/18)

## പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിയണം – ചിറ്റയം ഗോപകുമാർ എംഎൽഎ

ജില്ലയിൽ ലഭിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ക്ഷീരവികസന വകുപ്പിനും മറ്റ് ബന്ധപ്പെട്ട വകുപ്പു കൾക്കും കഴിയണമെന്ന് ചിറ്റയം ഗോപകുമാർ എംഎൽഎ പറഞ്ഞു. ജില്ലയിലെ ക്ഷീരകർഷകർക്കായി ഭക്ഷ്യസുരക്ഷയും ഗുണനിലവാരവും നിയമം 2006 സംബന്ധിച്ച് അടൂരിൽ നടത്തിയ ഏകദിന ശിൽപ്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു എംഎൽഎ. സംസ്ഥാനത്തേയ്ക്ക് വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ചെക്ക്പോസ്റ്റുകളിലെ സംവിധാനം കർശനമാക്കേണ്ടതുണ്ട്. മായമുള്ള പാൽ വിപണികളിലെത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായും എംഎൽഎ പറഞ്ഞു.

ക്ഷീരവികസന വകുപ്പ് ജില്ലാ ഗുണനിയന്ത്രണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഭക്ഷ്യസുരക്ഷ നിയമം 2006 പ്രകാരമുള്ള രജിസ്ട്രേഷൻ, ലൈസൻസ്, മലിനീകരണ നിയന്ത്രണ നിയമങ്ങൾ, ശുചിത്വം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് മുൻ ക്ഷീരവികസന ഓഫീസർ കെ.എ തമ്പാൻ, ഭക്ഷ്യസുരക്ഷ ഉദ്യോഗസ്ഥർ പ്രവീൺ എന്നിവർ ക്ലാസുകൾ നയിച്ചു. വ്യക്തിശുചിത്വം, പാലിന്റെ ഗുണമേന്മ, പരിസരശുചിത്വം, പാലിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിന് വേണ്ടിയു

ള്ള നിയമങ്ങളും നിര്‍ദ്ദേശങ്ങളും തുടങ്ങിയവ പരിശീലന പരിപാടിയില്‍ ചര്‍ച്ച ചെയ്തു. അടൂര്‍ ഡയറി എക്സ്റ്റന്‍ഷന്‍ ഓഫീസര്‍ മാത്യു വര്‍ഗീസ്, ജില്ലാ പഞ്ചായത്ത് മെമ്പര്‍ ടി മുരുകേഷ്, ക്ഷീരവികസനവകുപ്പ് ഡെപ്യൂട്ടി ഡയറക്ടര്‍ സില്‍വി മാത്യു, അടൂര്‍ നഗരസഭ കൗണ്‍സിലര്‍ സൂസി ജോസഫ്, ക്ഷീരവികസനവകുപ്പ് ലാബ് അസിസ്റ്റന്റ് കെ. സുരേഷ് തുടങ്ങിയവര്‍ പങ്കെടുത്തു.

(പിഎന്‍പി 2095/18)

## ഫോട്ടോ അടിക്കുറിപ്പ്

1) പത്തനംതിട്ട റോയല്‍ ഓഡിറ്റോറിയത്തില്‍ കൈരളി ഓണം ക്രാഫ്റ്റ് ഫെയര്‍ നഗരസഭാധ്യക്ഷ രജനി പ്രദീപ് ഉദ്ഘാടനം ചെയ്യുന്നു.
2) കടമ്പനാട് ഗ്രാമപഞ്ചായത്തിലെ ഹരിതകര്‍മ്മ സേനാംഗങ്ങളുടെ പരിശീലനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.ആര്‍.അജീഷ് കുമാര്‍ ഉദ്ഘാടനം ചെയ്യുന്നു.
3) സ്വാതന്ത്ര്യ സമര സേനാനി കെ.ഇ.മാമ്മന്റെ ഓര്‍മയ്ക്കായി കളക്ടറേറ്റ് വളപ്പില്‍ എഡിഎം പി.റ്റി.എബ്രഹാം വൃക്ഷത്തൈ നടുന്നു.


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.


ഇന്‍ഫര്‍മേഷന്‍&പബ്ലിക് റിലേഷന്‍സ് വകുപ്പ്

# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

ജൂലൈ 26

JULY 26

2018

1193 കർക്കിടകം 10 വ്യാഴം

## പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657


**പ്രവാസി പുനരധിവാസ വായ്പാ പദ്ധതി**

ഒ.ബി.സി/മതന്യൂനക്ഷ വിഭാഗത്തിൽപ്പെട്ടവരും രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിനുശേഷം മടങ്ങിയെത്തിയവരുമായ പ്രവാസികളിൽ നിന്നും കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ റീ-ടേൺ പദ്ധതി പ്രകാരം വായ്പയ്ക്ക് അപേക്ഷ ക്ഷണിച്ചു.

ഈ പദ്ധതിയിൻ കീഴിൽ ഡയറി ഫാം, പൗൾട്രി ഫാം, പുഷ്പ കൃഷി, ക്ഷീരോത്പാദനം, സംയോജിത കൃഷി, തേനീച്ച വളർത്തൽ, പച്ചക്കറി കൃഷി, അക്വാകൾച്ചർ, ബേക്കറി, സാനിറ്ററി ഷോപ്പ്, ഹാർഡ്‌വെയർ ഷോപ്പ്, ഫർണിച്ചർ ഷോപ്പ്, റസ്റ്റോറന്റ്, ബ്യൂട്ടി പാർലർ, ഹോളോ ബ്രിക്സ് യൂണിറ്റ്, പ്രൊവിഷൻ സ്റ്റോർ, ഡ്രൈവിംഗ് സ്കൂൾ, ഫിറ്റ്നെസ്സ് സെന്റർ, സൂപ്പർ മാർക്കറ്റ്, ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ്, റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ്, ഫ്ളോർ മിൽ, ഡ്രൈക്ളീനിംഗ് സെന്റർ, ഫോട്ടോസ്റ്റാറ്റ്/ഡി.റ്റി.പി.സെന്റർ, മൊബൈൽ ഷോപ്പ്, ഫാൻസി/സ്റ്റേഷനറി സ്റ്റോൾ, മിൽമാ ബൂത്ത്, പഴം/ പച്ചക്കറി വില്പനശാല, ഐസ്ക്രീം പാർലർ, മീറ്റ് സ്റ്റാൾ, ബുക്ക് സ്റ്റാൾ, എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് തുടങ്ങി വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും സ്വയംതൊഴിലിൽ കണ്ടെത്താനും ഓട്ടോറിക്ഷ/ടാക്സി/പിക്കപ്പ് വാഹനം വാങ്ങുന്നതിനും വായ്പ ലഭിക്കും. ആറ് മുതൽ ഏഴ് ശതമാനം വരെ പലിശ നിരക്കിൽ പരമാവധി 20 ലക്ഷം രൂപ വരെ വായ്പയായി അനുവദിക്കും. തിരിച്ചടവ് കാലാവധി 84 മാസം. പ്രായപരിധി 65 വയസ്. പദ്ധതി അടങ്കലിന്റെ 95 ശതമാനം വായ്പയായി അനുവദിക്കും

പദ്ധതി പ്രകാരം വായ്പ എടുക്കുന്നവർക്ക് പദ്ധതി അടങ്കലിന്റെ 15 ശതമാനം മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം രൂപ) വായ്പാ തിരിച്ചടവിന്റെ ആദ്യ നാല് വർഷം മൂന്ന് ശതമാനം പലിശ സബ്സിഡിയും നോർക്കാ റൂട്ട്സ് അനുവദിക്കും. ഇതിനുപുറമേ വായ്പാ തിരിച്ചടവിൽ വീഴ്ച വരുത്താത്തവർക്ക് ആകെ തിരിച്ചടയ്ക്കുന്ന പലിശയുടെ അഞ്ച് ശതമാനം ഗ്രീൻകാർഡ് ആനുകൂല്യമായി കോർപ്പറേഷൻ അനുവദിക്കും. ഈ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതു വഴി പലിശ സഹിതമുള്ള തിരിച്ചടവ് വായ്പ തുകയേക്കാൾ കുറവാണെന്നത് ഈ പദ്ധതിയുടെ സവിശേഷതയാണ്.

നോർക്കാ റൂട്ട്സ് ശുപാർശ ചെയ്യുന്ന പ്രവാസികൾക്കാണ് പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നത്. ഇതിനുവേണ്ടി www.norkaroots.net എന്ന വെബ്സൈറ്റിലെ NDPREM - Rehabiliation Scheme for Return NRKs എന്ന ലിങ്കിൽ പ്രവേശിച്ച് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത ശേഷം വായ്പാ അപേക്ഷാ ഫോറം ലഭിക്കുന്നതിന് നോർക്കാറൂട്ട്സിൽ നിന്നും ലഭിക്കുന്ന ശുപാർശ കത്ത് സഹിതം കേർപ്പറേഷന്റെ ജില്ലാ / ഉപജില്ലാ ഓഫീസുകളെ സമീപിക്കാം. കൂടുതൽ വിവരങ്ങൾക്ക് (www.ksbcdc.com) സന്ദർശിക്കുക.

(പിഎൻപി 2096/18)

## ഗ്രീൻപ്രോട്ടോക്കോൾ കർശനമായി പാലിക്കും
## സ്വാതന്ത്ര്യദിനാഘോഷം വിപുലമായി സംഘടിപ്പിക്കും: എഡിഎം

ഭാരതത്തിന്റെ 72-ാമത് സ്വാതന്ത്ര്യദിനാഘോഷം വിപുലമായ പരിപാടികളോടെ പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിൽ സംഘടിപ്പിക്കുന്നതിന് എഡിഎം പി.ടി ഏബ്രഹാമിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന യോഗം തീരുമാനിച്ചു. ഗ്രീൻപ്രോട്ടോക്കോൾ കർശനമായി പാലിച്ച് പ്ലാസ്റ്റിക് രഹിതമായി ആഘോഷം സംഘടിപ്പിക്കണമെന്ന് എഡിഎം നിർദേശിച്ചു. തുണിയിലും പേപ്പറിലുമുള്ള പതാകകൾ മാത്രമേ ഉപയോഗിക്കാവു. ആഘോഷത്തിനു ശേഷം പതാകകൾ വലിച്ചെറിയരുത്. സ്വാതന്ത്ര്യദിനാഘോഷവുമായി ബന്ധപ്പെട്ട് ഗ്രീൻപ്രോട്ടോക്കോൾ പാലിക്കുന്നതിന് ഓഫീസ് മേധാവികൾ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകണമെന്നും എഡിഎം പറഞ്ഞു.

ഓഗസ്റ്റ് 10നും 11നും ഉച്ചകഴിഞ്ഞ് മൂന്നിനും 13ന് രാവിലെ 7.30നും ജില്ലാ സ്റ്റേഡിയത്തിൽ പരേഡ് റിഹേഴ്സൽ നടക്കും. എ.ആർ. ക്യാമ്പ് അസിസ്റ്റൻഡ് കമാൻഡന്റ് കെ. സുരേഷിനായിരിക്കും പരേഡിന്റെയും പരിശീലനത്തിന്റെയും പൂർണ ചുമതല. പോലീസിന്റെ മൂന്നും എസ്പിസിയുടെ ആറും സ്കൗട്ടിന്റെയും ഗൈഡ്സിന്റെയും നാലു വീതവും ജെആർസിയുടെ അഞ്ചും എൻസിസിയുടെ രണ്ടും ഫോറസ്റ്റിന്റെയും എക്സൈസിന്റെയും ഫയർഫോഴ്സിന്റെയും ഒന്നു വീതവും പ്ലാറ്റൂണുകൾ പരേഡിൽ പങ്കെടുക്കും. ഇതിനു പുറമേ ബാൻഡുകളും പരേഡിനെ ആകർഷകമാക്കും. റിഹേഴ്സലിൽ പങ്കെടുക്കുന്നവരെ മാത്രമേ പരേഡിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളു. പന്തൽ, വേദി, ആർച്ച് തുടങ്ങിയവ പൊതുമരാമത്ത് കെട്ടിട വിഭാഗം ഓഗസ്റ്റ് 13ന് വൈകിട്ട് ആറിന് മുൻപായി പൂർത്തീകരിക്കും. ജില്ലാ സ്റ്റേഡിയത്തിലേക്കുള്ള റോഡിന്റെ അറ്റകുറ്റപ്പണി പൊതുമരാമത്ത് നിരത്തു വിഭാഗം അടിയന്തിരമായി പൂർത്തീകരിക്കും. സ്റ്റേഡിയത്തിലെ ലൈറ്റ്, ശബ്ദ സംവിധാനങ്ങൾ പൊതുമരാമത്ത് ഇലക്ട്രോണിക്സും ഇലക്ട്രിക്കൽ വിഭാഗവും ക്രമീകരിക്കും.

വിദ്യാർഥികളെ പരിശീലനത്തിനും പരേഡിനും എത്തിക്കുന്നതിന് ആർടിഒ വാഹനം ക്രമീകരിക്കും. പരേഡിൽ പങ്കെടുക്കുന്ന സ്കൂളുകളുടെയും കലാപരിപാടികളുടെയും ഏകോപനം വിദ്യാഭ്യാസ ഉപഡയറക്ടർ നിർവഹിക്കും. റിഹേഴ്സൽ ദിവസങ്ങളിലും പരേഡ് ദിവസങ്ങളിലും വിദ്യാർഥികൾക്കുള്ള ഭക്ഷണം പത്തനംതിട്ട നഗരസഭ, ജില്ലാ പഞ്ചായത്ത്, ജില്ലാ സപ്ലൈ ഓഫീസ് എന്നിവർ ക്രമീകരിക്കും. ആവിയിൽ തയാറാക്കിയ ആഹാരമായിരിക്കും

വിതരണം ചെയ്യുക. കുടിവെള്ളം ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തി. റിഹേഴ്സൽ ദിവസങ്ങളിലും പരേഡ് ദിവസവും ആരോഗ്യവകുപ്പിന്റെ ആംബുലൻസ് ഉൾപ്പെടെയുള്ള മെഡിക്കൽ ടീം, ഫയർഫോഴ്സ് ടീം എന്നിവ ജില്ലാ സ്റ്റേഡിയത്തിൽ ക്യാമ്പ് ചെയ്യും. പരേഡിന്റെ സുരക്ഷാ ചുമതല, പരേഡിൽ അംഗങ്ങളെ പങ്കെടുപ്പിക്കുക തുടങ്ങിയവ പോലീസ് നിർവഹിക്കും. റിഹേഴ്സൽ ദിവസങ്ങളിലും പരേഡ് ദിവസവും ജില്ലാ സ്റ്റേഡിയത്തിൽ വൈദ്യുതി മുടങ്ങാതെ ലഭ്യമാക്കുന്നതിന് കെഎസ്ഇബി നടപടി സ്വീകരിക്കും. ജില്ലാ സ്റ്റേഡിയം പുല്ലുകളും കാടുകളും നീക്കം ചെയ്തു പരേഡിനു സജ്ജമാക്കി നൽകുന്നതിന് നഗരസഭ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ജില്ലാ സ്റ്റേഡിയത്തിൽ നടക്കുന്ന പരേഡിന്റെ ഏകോപന ചുമതല കോഴഞ്ചേരി തഹസീൽദാർക്കായിരിക്കും. വർണശബളമായ പരേഡിനു ശേഷം സ്കൂൾ വിദ്യാർഥികൾ അവതരിപ്പിക്കുന്ന സാംസ്കാരിക പരിപാടി അരങ്ങേറും. സ്വാതന്ത്ര്യദിനാഘോഷത്തോട് അനുബന്ധിച്ച് കടകൾ അലങ്കരിക്കണമെന്ന് വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികളോട് എഡിഎം അഭ്യർഥിച്ചു. തിരുവല്ല, അടൂർ ആർഡിഒമാരുടെ നേതൃത്വത്തിൽ സബ്ഡിവിഷൻ തലത്തിൽ സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കും.

തിരുവല്ല ആർഡിഒ ടി.കെ. വിനീത്, ഹുസൂർ ശിരസ്തദാർ വില്യം ജോർജ്, അഡ്മിനിസ്ട്രേഷൻ ഡിവൈഎസ്പി ആർ. പ്രദീപ് കുമാർ, എആർ ക്യാമ്പ് അസിസ്റ്റന്റ് കമാൻഡന്റ് കെ. സുരേഷ്, പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയർ എസ്. സുധ, കോഴഞ്ചേരി തഹസീൽദാർ ബി. ജ്യോതി, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, സ്കൂൾ-സംഘടനാ പ്രതിനിധികൾ, വ്യാപാരി സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

(പിഎൻപി 2097/18)

## ലേലം

പത്തനംതിട്ട ജില്ലാ ജയിലിലെ പഴയ കെട്ടിടങ്ങൾ ആഗസ്റ്റ് ഒമ്പതിന് രാവിലെ 11ന് ജയിൽ സൂപ്രണ്ടിന്റെ ഓഫീസിൽ ലേലം ചെയ്യും. ഫോൺ: 0468 2222346.

(പിഎൻപി 2098/18)

## ജില്ലാ പി.എസ്.സി ഓഫീസിൽ ഇ-ഓഫീസ് സംവിധാനം വരുന്നു ഉദ്ഘാടനം ഇന്ന് (27)

സർക്കാർ വകുപ്പുകളിലെ ഫയലുകൾ പൂർണമായും ഇലക്ട്രോണിക്സ് സംവിധാനത്തിലൂടെ കൈകാര്യം ചെയ്യുന്നതിന് രൂപകൽപ്പന ചെയ്തിട്ടുള്ള ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് ജില്ലാ പി.എസ്.സി ഓഫീസിലും നിലവിൽ വരുന്നു. ഇ-ഓഫീസ് നടപ്പാക്കുന്നതിന്റെ ഉദ്ഘാടനം ഇന്ന് (27) ഉച്ചയ്ക്ക് ശേഷം 3.30ന് പി.എസ്.സി അംഗം അഡ്വ.എം.കെ.രഘുനാഥൻ നിർവഹിക്കും. അഡീഷണൽ സെക്രട്ടറി ആർ.രാമകൃഷ്ണൻ, ജോയിന്റ് സെക്രട്ടറി എ.രവീന്ദ്രൻ നായർ, പി.എസ്.സി കൊല്ലം മേഖലാ ഓഫീസർ വി.വേണുഗോപാൽ, അണ്ടർ സെക്രട്ടറി പി.ശൈലജകുമാരി, ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ ജിജി ജോർജ്, ജില്ലാ പി.എസ്.സി ഓഫീസർ ജി.ജോയ്, ആർ.മനോജ് തുടങ്ങിയവ ർ പങ്കെടുക്കും. (പിഎൻപി 2099/18)

## നവോദയ വിദ്യാലയ കായികമേളയും ശാസ്ത്രപ്രദർശനവും

ജവഹർ നവോദയ വിദ്യാലയയുടെ ആഭിമുഖ്യത്തിലുള്ള ശാസ്ത്രമേളയും കായികമേളയും ആഗസ്റ്റ് മൂന്ന്, നാല് തീയതികളിൽ വെച്ചൂച്ചിറ നവോദയ വിദ്യാലയത്തിൽ നടക്കും. ആന്റോ ആന്റണി എംപി ഉദ്ഘാടനം ചെയ്യും. വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റോസമ്മ സ്കറിയ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ജൈനമ്മ തോമസ്, കെ.ശ്രീകുമാർ, പ്രിൻസിപ്പൽ ആർ.ജി.നന്ദകുമാർ, അധ്യാപകരായ ജസ്സിയമ്മ മാത്യു, ജോൺ ജോസഫ് തുടങ്ങിയവർ സംസാരിക്കും. ശാസ്ത്രമേളയുടെ

ഭാഗമായി ശാസ്ത്രം, ഗണിതം, കംപ്യൂട്ടര്‍, സാമൂഹ്യശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട് പ്രത്യേക സ്റ്റാളുകള്‍ ക്രമീകരിക്കും. (പിഎന്‍പി 2100/18)

## ബോധവത്ക്കരണ ക്ലാസ് നടത്തി

മൈലപ്ര ഗ്രാമപഞ്ചായത്തില്‍ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള തൊഴിലാളി സംഗമവും ബോധവത്ക്കരണ ക്ലാസും നടത്തി. അഡ്വ.അടൂര്‍ പ്രകാശ് എംഎല്‍എ ഉദ്ഘാടനം നിര്‍വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്‍റ് പി.കെ. ഗോപിയുടെ അധ്യക്ഷതയില്‍ ചേര്‍ന്ന യോഗത്തില്‍ ജില്ലാ പഞ്ചായത്ത് പ്രസിഡന്‍റ് അന്നപൂര്‍ണാദേവി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്‍റ് കോന്നിയൂര്‍ പി.കെ, ജില്ലാ പഞ്ചായത്തംഗം കെ.ജി.അനിത, ബ്ലോക്ക് പഞ്ചായത്തംഗം മാത്യു തോമസ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്‍റ് റൂബി തോമസ്, സ്ഥിരം സമിതി അധ്യക്ഷരായ കെ.വി.രതീഷ് കുമാര്‍, ശോശാമ്മ ജോണ്‍സണ്‍, പ്രോഗ്രാം ഓഫീസര്‍ കെ.അജിത്ത്, വാര്‍ഡംഗങ്ങള്‍ തുടങ്ങിയവര്‍ പങ്കെടുത്തു. (പിഎന്‍പി 2101/18)

## സെവന്‍സ് ഫുട്ബോള്‍ ടൂര്‍ണമെന്‍റ്

സംസ്ഥാന യുവജനക്ഷേമ ബോര്‍ഡ് തദ്ദേശസ്ഥാപനങ്ങളുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന കേരളോത്സവത്തിന്‍റെ പ്രചരണാര്‍ഥം ജില്ലാ യുവജനകേന്ദ്രത്തിന്‍റെ ആഭിമുഖ്യത്തില്‍ 15നും 40നും മധ്യേ പ്രായമുള്ള യുവജനങ്ങള്‍ക്ക് ജില്ലാതല സെവന്‍സ് ഫുട്ബോള്‍ ടൂര്‍ണമെന്‍റ് നടത്തുന്നു. പങ്കെടുക്കാന്‍ താത്പര്യമുള്ള ടീമുകള്‍ ആഗസ്റ്റ് അഞ്ചിനകം ജില്ലാ യൂത്ത് ഇന്‍ഫര്‍മേഷന്‍ ഓഫീസര്‍, ജില്ലാ യുവജനകേന്ദ്രം, കളക്ടറേറ്റിന് സമീപം, പത്തനംതിട്ട എന്ന വിലാസത്തില്‍ അപേക്ഷിക്കണം. ഫോണ്‍: 0468 2231938.

(പിഎന്‍പി 2102/18)

## ഓഫീസ് അസിസ്റ്റന്‍റ് : കൂടിക്കാഴ്ച 31ന്

അടൂര്‍ ഐഎച്ച്ആര്‍ഡി എന്‍ജിനീയറിംഗ് കോളേജില്‍ ഓഫീസ് അസിസ്റ്റന്‍റ് തസ്തികയിലേക്ക് താത്ക്കാലിക അടിസ്ഥാനത്തില്‍ നിയമിക്കുന്നതിന് 30ന് രാവിലെ 10ന് നടത്താനിരുന്ന ഇന്‍റര്‍വ്യൂ 31ലേക്ക് മാറ്റിയതായി പ്രിന്‍സിപ്പല്‍ അറിയിച്ചു. ഫോണ്‍: 04734 231995. (പിഎന്‍പി 2102/18)

## ഡാം തുറക്കും, ജനങ്ങള്‍ അതീവ ജാഗ്രത പാലിക്കണം

മൂഴിയാര്‍ ഡാമിലെ ജലനിരപ്പിന്‍റെ വ്യതിയാനത്തിന് അനുസൃതമായി കക്കട്ടാറിലേക്ക് ജലം ഒരാഴ്ചത്തേക്ക് കൂടി ഒഴുക്കി വിടുന്ന സാഹചര്യത്തില്‍ കക്കട്ടാറിന്‍റെ തീരങ്ങളില്‍ താമസിക്കുന്നവരും ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ ഡാമുകളിലൊന്നായ പമ്പ ഡാമിലെ ജലനിരപ്പ് ഉയര്‍ന്നതിനാല്‍ ഡാമിന്‍റെ ഷട്ടറുകള്‍ ഏതുസമയവും തുറക്കാന്‍ സാധ്യതയുള്ളതിനാല്‍ പമ്പാനദിയുടെ തീരങ്ങളില്‍ താമസിക്കുന്നവരും അടുത്ത ഒരാഴ്ചത്തേക്ക് അതീവ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടര്‍ അറിയിച്ചു.

(പിഎന്‍പി 2088/18)

## ഹോട്ടലുകളില്‍ പരിശോധന നടത്തി

അടൂര്‍ ടൗണിലുള്ള ഹോട്ടലുകളില്‍ അമിത വില ഈടാക്കുന്നുവെന്ന പരാതികളെ തുടര്‍ന്ന് ജില്ലാ കളക്ടറുടെ നിര്‍ദേശപ്രകാരം ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തില്‍ അടൂര്‍ ടൗണിലുള്ള ഹോട്ടലുകളിലും മറ്റ് വ്യാപാര സ്ഥാപനങ്ങളിലും പരിശോധന നടത്തി. ക്രമക്കേട് കണ്ടെത്തിയ സ്ഥാപനങ്ങള്‍ക്ക് താക്കീത് നല്‍കുകയും വില കുറച്ച് വില്‍ക്കുന്നതിന് കര്‍ശന നിര്‍ദേശം നല്‍കുകയും ചെയ്തു. വരും ദിവസങ്ങളില്‍ പരിശോധന കര്‍ശനമാക്കുമെന്നും ജില്ലാ സപ്ലൈ ഓഫീസര്‍ അറിയിച്ചു. അടൂര്‍ താലൂക്ക്

സപ്ലൈ ഓഫീസർ എം.അനിൽ, റേഷനിംഗ് ഇൻസ്‌പെക്ടർമാരായ എസ്.ദിനേഷ്, സിന്ധു പി.വാസുദേവ്, ബെട്‌സി ടി.വർഗീസ്, ലീഗൽ മെട്രോളജി ഇൻസ്‌പെക്ടർ ശരത്, റ്റി.ആർ.പ്രശാന്ത്കുമാർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 2089/18)

## ഫോട്ടോ അടിക്കുറിപ്പ്

1) മൈലപ്ര ഗ്രാമപഞ്ചായത്തിലെ തൊഴിലാളി സംഗമവും ബോധവത്ക്കരണ ക്ലാസും അടൂർ പ്രകാശ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.
2) പാൽ ഗുണനിലവാരം സംബന്ധിച്ച് അടൂരിൽ നടന്ന ഏകദിന ശില്പശാല ചിറ്റയം ഗോപകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.
3) സ്വാതന്ത്ര്യദിനാഘോഷം സംബന്ധിച്ച് കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ എഡിഎം പി.റ്റി.എബ്രഹാം സംസാരിക്കുന്നു.




ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്